**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിന് വേണ്ടി അനുവദിച്ച ഉപകരണങ്ങൾ നിലവിൽ പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തി വരുന്ന ഉപകരണങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണ്. |
| (ബി) | ഇത്തരം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഡയാലിസിസ് ഉപകരണങ്ങൾ (യൂണിറ്റ്) പ്രവർത്തിപ്പിക്കുന്നതിന് മുൻസിപ്പാലിറ്റി പ്രോജക്ട് ഫണ്ടിൽ 20 ലക്ഷമാണ് നിലവിലുള്ളത്.<br><br>ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിനായി കോർപ്പറേഷൻ, തേർഡ് പാർട്ടി സർവ്വീസ് (ബയോമെഡിക്കൽ എക്യുപ്മെന്റ് മെയിൻറനൻസ് പ്രോഗ്രാം) മെസ്സേഴ്സ് സൈറിക്സ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് (M/s. Cyrix Healthcare Pvt Ltd.) എന്ന കമ്പനിയുമായി കരാർ ഏർപ്പെട്ടിട്ടുണ്ട്. ടി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ആശുപത്രി അധികൃതർക്ക് ഐ.വി.ആർ.എസ്. സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറായ 1800 425 7669 എന്ന നമ്പറിലേക്ക് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ കമ്പനി സർവ്വീസ് എഞ്ചിനീയേഴ്സ് സ്ഥാപനത്തിൽ നേരിട്ടെത്തി പ്രസ്തുത പരാതി സമയബന്ധിതമായി പരിഹരിക്കുന്നു. |

സെക്ഷൻ ഓഫീസർ